"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ **2017 - 18** കാലയളവിൽ കുടിവെള്ള വിതരണത്തിന് ചിലവായ **1,38,000/-** രൂപ, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിസി ) വകുപ്പ്**

സ.ഉ.(സാധാ) നം.**1749/2025/LSGD** തീയതി,തിരുവനന്തപുരം, **15-07-2025**

---

പരാമർശം:- **1. 06.05.2025** ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **PD/13169/2025-DPLC2** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ **2017-18** കാലയളവിൽ വരൾച്ചബാധിത പ്രദേശങ്ങളിൽ, ശ്രീ പ്രിൻസ് പി. പുന്നൂസ്, പടുവത്തിൽ ചിറയിൽ, കുറിച്ചി പി.ഒ. എന്ന വ്യക്തി, കുടിവെള്ള വിതരണം ചെയ്തിട്ടുണ്ടെന്നും, ടി കാലയളവിൽ കുടിവെള്ള വിതരണം നടത്തുന്നതും ആയതിന്റെ തുക അനുവദിക്കുന്നതിനുമുള്ള ചുമതല റവന്യ വകപ്പിനായിരുന്നുവെന്നും കുടിവെള്ള വിതരണം ചെയ്ത വകയിൽ **1,38,000/-** രൂപയുടെ ബില്ലം വൗച്ചറുകളം **2018-19** സാമ്പത്തിക വർഷത്തിലാണ് സമർപ്പിച്ചിട്ടുള്ളതെന്നും **2018-19** മുതൽ കുടിവെള്ള വിതരണം നടത്തേണ്ടത് സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടായതിനാൽ ടി വ്യക്തിക്ക് ടി പ്രവൃത്തി നടപ്പാക്കിയ ഇനത്തിലെ തുക അനുവിക്കാൻ കഴിഞ്ഞില്ലെന്നും സർക്കാരിന്റെ അനുമതിയോടെ പഞ്ചായത്ത് ഫണ്ടിൽ നിന്നും ആയത് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും കോട്ടയം ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ള വിവരം കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുറിച്ചി പഞ്ചായത്തിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ടി വിഷയം പരിശോധിക്കുകയും **2017-18** കാലയളവിൽ കുറിച്ചി ഗ്രാമപഞ്ചായത്തിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ ടി വ്യക്തി കുടിവെള്ള വിതരണം നടത്തിയിട്ടുള്ളതാണെന്നും ആയതിന്റെ ഗുണഭോക്താകൾ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ജനങ്ങളായതിനാൽ ടി വ്യക്തിക്ക് ടി തുക അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി തീരുമാനം, കരാർ രേഖകൾ, കുടിവെള്ളവിതരണം നടത്തിയ രേഖകൾ , കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് എന്നിവ സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശിത കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെയും കോട്ടയം ജില്ലാ കളക്ടറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ **2017 - 18** കാലയളവിൽ കുടിവെള്ള വിതരണത്തിന് ചിലവായ **1,38,000/-** (ഒരു ലക്ഷത്തി മുപ്പത്തിയെണ്ണായിരം രൂപ മാത്രം) രൂപ, ചിലവ് ആധികാരികത സംബന്ധിച്ച് **14.02.2017** ലെ **H7-DCKTM/6065/16** നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് കുറിച്ചി ഗ്രാമപഞ്ചായത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെ തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുന്നതിന് കുറിച്ചി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHEEJA R S**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, കോട്ടയം.
സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത് , കോട്ടയം.
ശ്രീ പ്രിൻസ് പി. പുന്നൂസ്, പടുവത്തിൽ ചിറയിൽ, കുറിച്ചി പി.ഒ., കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ ആഡിറ്റ് 2, കേരള,തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 15-07-2025 15:02:40